# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**(സംഗ്രഹം)**

സ്വകാര്യ എയ്ഡഡ് കോളേജുകൾ - അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിൽ വിഷയാടിസ്ഥാനത്തിൽ 50:50 റേഷ്യോ മെറിറ്റ് (ജനറൽ) : കമ്മ്യൂണിറ്റി മെറിറ്റ് റേഷ്യോ പാലിക്കാനാവശ്യമായ ഭേദഗതികൾ സ്റ്റാറ്റ്യൂട്ടിൽ വരുത്തുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**അക്കാദമിക് ബി 2 വിഭാഗം**

യു.ഒ.നം. 2203/ബി 2/02/അക്കാദമിക്/2019 27.07.2019

===

പരാമർശം - (1) ദി ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ ജനറൽ സെക്രട്ടറിയുടെ 16.05.2018 തീയതിയിലെ കത്ത്

(2) 25.07.2018 ൽ സർവ്വകലാശാല ലീഗൽ അഡ്വൈസർ നൽകിയ നിയമോപദേശം

(3) 17.07.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാനം ഇനം. നമ്പർ 52/19.06/186737.

**ഉത്തരവ്**

സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമന വേളകളിൽ ഓരോ വിഷയത്തിനും 50:50 (ഓപ്പൺ : കമ്മ്യൂണിറ്റി) അനുപാതത്തിൽ നിയമനം നടത്തുന്നതിനു പകരം ചില എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ എല്ലാ വിഷയങ്ങളിലും ഉള്ള ഒഴിവുകൾ ചേർത്ത് കണക്കാക്കി 50:50 അനുപാതത്തിൽ നിയമനം നടത്തുന്നതിനാൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂവിൽ പുറന്തള്ളപ്പെടുകയും മാനേജ്മെന്റിനു തൽപരരായവർക്ക് നിയമനം ലഭിക്കുകയും ചെയ്യുന്നസാഹചര്യം ഉണ്ടാകുന്നതായി പരാമർശം (1) കത്ത് പ്രകാരം സർവ്വകലാശാലയെ അറിയിക്കുകയുണ്ടായി.

ഈ വിഷയത്തിൻമേൽ സർവ്വകലാശാല നിയമോപദേശം നേടിയിരുന്നു. പ്രസ്തുത വിഷയവും, നിയമോപദേശവും പരിഗണിച്ച സിൻഡിക്കേറ്റ് സൂചന(3) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു ''നിയമോപദേശം തേടിയതിന്റെ അടിസ്ഥാനത്തിൽ ലീഗൽ അഡ്വൈസറുടെ അഭിപ്രായം പരിഗണിച്ച് എയ്ഡഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങളിൽ വിഷയാടിസ്ഥാനത്തിൽ 50:50 റേഷ്യോ മെറിറ്റ് (ജനറൽ) : കമ്മ്യൂണിറ്റി മെറിറ്റ് റേഷ്യോ പാലിക്കാനാവശ്യമായ ഭേദഗതികൾ സ്റ്റാറ്റ്യൂട്ടിൽ വരുത്തുന്നതിന് തീരുമാനിച്ചു ''

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**സനൽകുമാർ റ്റി.വി.**
**അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)**
**രജിസ്ട്രാർക്കു വേണ്ടി**

**പകർപ്പ്**

1) വൈസ് ചാൻസലറുടെ/ പ്രൊ - വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2) രജിസ്ട്രാറുടെ പി. എ.
3) എസി.എൽ (ഫയൽ സഹിതം)
4) കണ്ടന്റ് മാനേജ്മെന്റ് വിഭാഗം
5) ഐ.ക്യൂ.എസി./ എസി.ബി.I /എസി.സി. I/II വിഭാഗം
6) ലീഗൽ സെക്ഷൻ
7) റെക്കോർഡ്സ് വിഭാഗം/ കരുതൽ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.ബി.2/02/2299/2018